<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2734</u> <u>24-06-2024 - ൽ മറുപടിയ്ക്ക്</u>

## <u>സഹകരണ പെൻഷൻ ബോർഡിന്റെ നിക്ഷേപം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ പെൻഷൻ ബോർഡിന്റെ നിക്ഷേപം കേരളാ ബാങ്കിൽ നിന്നും ട്രഷറിയിലേക്ക് മാറ്റാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിന്റെ നിക്ഷേപം കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ട്രഷറിയിലേക്ക് മാറ്റുന്ന വിഷയം തത്കാലം പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത പെൻഷൻ ബോർഡിന്റെ നിക്ഷേപം ട്രഷറിയിലേക്ക് മാറ്റിയാൽ കേരള ബാങ്കിനും പെൻഷൻ ബോർഡിനും എത്ര കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിന്റെ നിക്ഷേപം കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ട്രഷറിയിലേക്ക് മാറ്റുന്ന വിഷയം തത്കാലം പരിഗണനയിലില്ല. |
| (സി) | അഡ്മിനിസ്ട്രേഷൻ ചാർജ്ജ് ഇനത്തിൽ കേരള ബാങ്കിൽ നിന്നും പെൻഷൻ ബോർഡിലേക്ക് എത്ര കോടി രൂപയാണ് അടയ്ക്കാനുള്ളതെന്നും പ്രസ്തുത തുക എന്നത്തേക്ക് അടയ്ക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (സി) | അഡ്മിനിസ്ട്രേറ്റീവ് ചാർജ് ഇനത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് 31.03.2024 വരെ കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിലേയ്ക്ക് പലിശയുൾപ്പെടെ 36,92,73,571/- രൂപ അടവാക്കാനുണ്ട്. ടി തുകയിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് 1,18,48,881/- രൂപ പെൻഷൻ ബോർഡിലേയ്ക്ക് 20.06.2024-ൽ അടവാക്കിയിട്ടുണ്ട്.<br><br>അഡ്മിനിസ്ട്രേറ്റീവ് ചാർജ് ഇനത്തിൽ നിലവിലുള്ള കുടിശ്ശിക തുകയുടെ പലിശയിൽ ഇളവ് നൽകി തവണകളായി തുക പെൻഷൻ ബോർഡിലേക്ക് അടവാക്കുന്നതിന് ആവശ്യമായ നിർദ്ദേശം കേരള സംസ്ഥാന സഹകരണ ബാങ്കിന് നൽകിയിട്ടുണ്ട്. |
| (ഡി) | സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഭരണ സമിതിയിൽ പെൻഷൻകാരുടെ പ്രതിനിധിയെ ഉൾപ്പെടുത്തുകയും പ്രതിപക്ഷ ട്രേഡ് യൂണിയനുകളിൽപ്പെട്ട പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ പ്രതിനിധിയെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (ഡി) | കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഭരണ സമിതിയിലേക്കുള്ള അംഗങ്ങളുടെ എണ്ണം പുനഃനിശ്ചയിച്ച് കൊണ്ടുള്ള പുതുക്കിയ ഉത്തരവ് പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പ്രതിനിധികളായി മൂന്ന് പേരെയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ വിവിധ സംഘടനാ പ്രാതിനിധ്യം പ്രത്യേകം നിഷ്കർഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ